**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4847** **20-07-2022 - ൽ മറുപടിയ്ക്ക്**

**കൊച്ചി മണ്ഡലത്തിലെ വിനോദസഞ്ചാര വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാർ വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് കൊച്ചി മണ്ഡലത്തിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അതിനായി എത്ര തുക ചെലവാക്കിയെന്നും പൂർത്തീകരിക്കാനുള്ളവ ഏതെല്ലാമെന്നും ആയത് എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വിശദാംശം നൽകുമോ; | (എ) | വിനോദ സഞ്ചാര വികസനം ലക്ഷ്യമിട്ട് മുൻ സർക്കാർ കൊച്ചി നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പദ്ധതികൾ, ആയവയുടെ നിലവിലെ സ്ഥിതി, പൂർത്തീകരിക്കാത്തവ, പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്ന തീയതി തുടങ്ങിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു:<br><br><u>1. Providing natural turfing, fencing and sprinkler irrigation system at Parade Ground, Fort Kochi, Ernakulam</u><br><br>ഭരണാനുമതി തുക: 1,76,15,000/- രൂപ<br><br>തീയതി: 15.03.2017<br><br>പദ്ധതിയുടെ തൽസ്ഥിതി: പൂർത്തിയാക്കി.<br><br><u>2. Barrier-free Kerala Tourism - Ernakulam District</u><br><br>ഭരണാനുമതി തുക : 44,10,928/- രൂപ<br><br>തീയതി: 13.02.2021<br><br>പദ്ധതിയുടെ തൽസ്ഥിതി: പൂർത്തിയാക്കി.<br><br><u>3. Conservation and Restoration of Chinese Fishing nets at Fort Kochi - Revised AS</u><br><br>പുതുക്കിയ ഭരണാനുമതി തുക: 2,44,95,707/- രൂപ<br><br>തീയതി: 12.06.2019<br><br>പദ്ധതിയുടെ തൽസ്ഥിതി: പുരോഗമിക്കുന്നു<br><br>പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്ന തീയതി: 31.12.2022 |

| | | | |
|---|---|---|---|
| | | | <u>4. Construction of World Class Toilet Block at Fort Kochi</u><br><br>ഭരണാനുമതി തുക: 1,51,08,533/- രൂപ<br><br>തീയതി: 21.08.2019<br><br>പദ്ധതിയുടെ തൽസ്ഥിതി: അനുയോജ്യമായ സ്ഥലം കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ ആരംഭിച്ചിട്ടില്ല.<br><br>പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്ന തീയതി: സ്ഥലം കണ്ടെത്താൻ സാധിക്കുന്ന പക്ഷം ആറു മാസത്തിനുള്ളിൽ പൂർത്തീകരിക്കും.<br><br><u>5. Technical Study on GRW system of protection of walkway and flexi geotextile tubes</u><br><br>ഭരണാനുമതി തുക: 27,14,000/- രൂപ<br><br>തീയതി: 18.01.2020<br><br>പദ്ധതിയുടെ തൽസ്ഥിതി: പൂർത്തിയാക്കി.<br><br><u>6. Cruise Tourism Facilitation Centre and Performing Arts Theatre (Koothambalam) at Ernakulam</u><br><br>ഭരണാനുമതി തുക: 4,84,78,735/- രൂപ<br><br>തീയതി: 16.09.2019<br><br>പദ്ധതിയുടെ തൽസ്ഥിതി: പദ്ധതി നടപ്പാക്കുന്നതു പ്രയോഗികമല്ലാത്തതിനാൽ ഭരണാനുമതി റദ്ദാക്കാൻ നടപടി സ്വീകരിച്ചു.<br><br>ഇതിനു പുറമെ ഫോർട്ട് കൊച്ചിയെ ഉത്തരവാദിത്ത ടൂറിസം ഡെസ്റ്റിനേഷൻആക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി 4,83,117/- രൂപ ചെലവിൽ ഫോർട്ട് കൊച്ചിയിൽ പൊതുപരിപാടി സംഘടിപ്പിച്ചു. തുടർന്നു പദ്ധതിയിലെ വിവിധ പങ്കാളികൾക്കായി ഉത്തരവാദിത്ത ടൂറിസം അവബോധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നിവ നേരിട്ടും ഓൺലൈൻ രീതിയിലും നടത്തുകയുണ്ടായി. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര മേഖലയിലെ വികസനം ലക്ഷ്യമിട്ട് കൊച്ചി മണ്ഡലത്തിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ? | (ബി) | ഫോർട്ട് കൊച്ചിയിലെ വിനോദ സഞ്ചാര സാധ്യതകൾ എളുപ്പത്തിൽ വിനോദ സഞ്ചാരികളിൽ എത്തിക്കാനായി വെർച്ചൽ ട്രാവൽ ഗൈഡ് (ഇ - ബ്രോഷർ) സംവിധാനം നടപ്പാക്കി. ഫോർട്ട് കൊച്ചിയിലെ വിവിധ ആകർഷണങ്ങൾ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയാണ് ഇ - ബ്രോഷർ തയ്യാറാക്കിയത്. ഫോർട്ട് കൊച്ചിയിലെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച ക്യുക്ക് റസ്പോൺസ് (ക്യൂ ആർ) കോഡ് സ്കാൻ ചെയ്തും വിനോദ സഞ്ചാരികൾക്ക് വിവരങ്ങൾ ലഭ്യമാവും. കൂടാതെ കേരള വിനോദ സഞ്ചാര വികസനം ലക്ഷ്യമിട്ടുള്ള ‘കേരള ട്രാവൽ മാർട്ട് 2022’ കൊച്ചിയിലാണ് സംഘടിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ